കേന്ദ്രസർവകലാശാലയിൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശില്പശാല ഡീൻ സ്റ്റുഡന്റ്സ് വെൽഫെയർ പ്രഫ. രാജേന്ദ്ര പിലാങ്കട്ട ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

കേന്ദ്രസർവകലാശാലയിൽ ശില്പശാല നടത്തി

പെരിയ: കേന്ദ്രസർവകലാശാലയിൽ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ എംപവറിംഗ് സോഷ്യൽ വർക്ക് സ്റ്റുഡന്റ്സ് ത്രൂ ഇന്നവേറ്റീവ് ഫീൽഡ് വർക്ക് മൊഡ്യൂൾ എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ശില്പശാല സംഘടിപ്പിച്ചു. ഡീൻ സ്റ്റുഡന്റ്സ് വെൽഫെയർ പ്രഫ. രാജേന്ദ്ര പിലാങ്കട്ട ഉദ്ഘാടനം ചെയ്തു. സോഷ്യൽ വർക്ക് വിഭാഗം അധ്യക്ഷൻ ഡോ. നാഗലിംഗം അധ്യക്ഷത വഹിച്ചു. ദൽഹി സർവകലാശാല പ്രഫ. അർച്ചന കൗശിക്, പോണ്ടിച്ചേരി യൂണിവേഴ്സിറ്റി പ്രഫസർ ഡോ. ആർ. നളിനി എന്നിവർ സെഷനുകൾ കൈകാര്യം ചെയ്തു. പ്രോഗ്രാം കൺവീനർ ഡോ. ജില്ലി ജോൺ ആമുഖ ഭാഷണം നടത്തി. വിദ്യാർഥിനികളായ കൃഷ്ണപ്രിയ സ്വാഗതവും എ. നന്ദന നന്ദിയും പറഞ്ഞു.

ദേശീയപാതയിൽ ആന്റിഗ്ലെയർ റിഫ്ലക്ടറുകൾ സ്ഥാപിക്കും

കാസർഗോഡ്: രാത്രിയിൽ വാഹനമോടിക്കുമ്പോൾ എതിരെ വരുന്ന വാഹനങ്ങളുടെ ഹെഡ്ലൈറ്റ് വെളിച്ചം കാഴ്ച മറയ്ക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനായി ദേശീയപാത മീഡിയനുകളിൽ ആന്റിഗ്ലെയർ റിഫ്ലക്ടറുകൾ സ്ഥാപിക്കും.

തലപ്പാടി മുതൽ ചെർക്കള വരെയുള്ള ഒന്നാം റീച്ചിൽ പണി പൂർത്തിയായ ദേശീയപാതയിൽ മധ്യത്തിൽ നിർമിച്ച മീഡിയനുകളുടെ ഉയരം 1.1 മീറ്റർ മാത്രമാണ്. അതിനാൽ എതിരെ വരുന്ന വാഹനങ്ങളുടെ പ്രകാശം വാഹനമോടിക്കുന്ന ഡ്രൈവറുടെ കണ്ണിലേക്ക് നേരിട്ട് പതിക്കും. ഇതു കാരണം രാത്രിയിൽ ഡ്രൈവിംഗിന് പ്രയാസം അനുഭവപ്പെടും. ടാങ്കർ അടക്കമുള്ള വാഹനങ്ങൾ പലപ്പോഴും ഹെഡ്ലൈറ്റുകളിൽ വലിയ പ്രകാശം വിതറി കടന്നു പോകുമ്പോൾ മറുഭാഗത്തുനിന്നു വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് റോഡ് കാണാൻ സാധിക്കാത്ത സ്ഥിതി ഉണ്ടാകുന്നു. വളവുകളിലാണ് ഇത് പ്രധാനമായും പ്രശ്നമുണ്ടാക്കുന്നത്. ഇത് അപകടത്തിനും കാരണമാകുന്നു. ജില്ലയിൽ നിലവിൽ കാസർഗോഡ് - ചെർക്കള ദേശീയപാത 66 വികസനം അവസാന ഘട്ടത്തിലാണ്. ആന്റിഗ്ലെയർ റിഫ്ലക്ടറുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കാനുള്ള നടപടികളിലാണ് അധികൃതർ.

ഇരു ദിശകളിലേക്കുമുള്ള പാതയുടെ മധ്യത്തിലെ മീഡിയനിലാണ് ഇവ സ്ഥാപിക്കുന്നത്. പ്രത്യേക കോട്ടിംഗ് ഉപയോഗിച്ചുള്ള പ്ലാസ്റ്റിക്, അലുമിനിയം എന്നിവ ഉപയോഗിച്ചുള്ള പാനലുകളിൽ പ്രത്യേക മാതൃകയിലാണ് ഇവ നിർമിക്കുന്നത്. പൊതുവേ പച്ച നിറവും മഞ്ഞ നിറവും ഉപയോഗിച്ചാണ് ഇവയുടെ ഡിസൈൻ.

റെട്രോ- റിഫ്ലക്റ്റീവ് സാങ്കേതികവിദ്യയാണ് ഇവിടെ ഉപയോഗപ്പെടുത്തുന്നത്. ഹെഡ്ലൈറ്റുകളുടെ പ്രകാശം എവിടെ നിന്ന് വരുന്നോ തിരികെ അതേ ദിശയിൽ തിരിച്ചയയ്ക്കുന്നു. ഇതുവഴി ഡ്രൈവറുടെ കാഴ്ച മറയുന്ന പ്രശ്നം ഒഴിവാകുന്നു.

നീലേശ്വരത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കണം: താലൂക്ക് വികസന സമിതി

കാഞ്ഞങ്ങാട്: നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർക്കാവ് കളിയാട്ടത്തിനിടെ നടന്ന വെടിക്കെട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം അനിഷ്ട സംഭവങ്ങൾ നേരിടുന്നതിനായി നീലേശ്വരത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് താലൂക്ക് വികസന സമിതി യോഗം ആവശ്യപ്പെട്ടു.

വൃക്ക രോഗികൾ കൂടിവരുന്ന ഇക്കാലത്ത് ജില്ലാ ആശുപത്രിയിലോ താലൂക്ക് ആശുപത്രികളിലോ നിലവിൽ നെഫ്രോളജിസ്റ്റ് സേവനം ലഭ്യമല്ലെന്നും ആയതിനാൽ അടിയന്തരമായി നെഫ്രോളജിസ്റ്റ് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വികസന സമിതി യോഗം ആവശ്യപ്പെട്ടു.

കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ തെരുവ് നായ്ക്കളുടെ വിഹാര കേന്ദ്രമായി മാറിയെന്നും പല ആളുകൾക്കും നായ്ക്കളുടെ കടിയേൽക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടെന്നും അതിനാൽ തെരുവുനായ്ക്കളുടെ നിർമാർജനത്തിന് നടപടികൾ സ്വീകരിക്കണമെന്നും വികസന സമിതി നിർദേശിച്ചു.ഇ. ചന്ദ്രശേഖരൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ മഹിളാ സാഹസ് ക്യാമ്പ് സമാപന സമ്മേളനം രാജ്മോഹൻ ഉണ്ണിത്താൻ എംപി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

മഹിളാ സാഹസ് ജില്ലാ ക്യാമ്പ് സമാപിച്ചു

കൊന്നക്കാട്: മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റി കൊന്നക്കാട് പൈതൃകത്തിൽ നടത്തിയ മഹിളാ സാഹസ് ക്യാമ്പിന്റെ സമാപന സമ്മേളനം രാജ്മോഹൻ ഉണ്ണിത്താൻ എംപി ഉദ്ഘാടനം ചെയ്തു.

പി.ജി. ദേവ്, മീനാക്ഷി ബാലകൃഷ്ണൻ, ഗീത കൃഷ്ണൻ, ധന്യ സുരേഷ്, പി.വി. സുരേഷ്, സുകുമാരി ശ്രീധരൻ, ശാന്തകുമാരി, ജമീല അഹമ്മദ്, സി. ശ്യാമള, കെ. സിന്ധു എന്നിവർ പ്രസംഗിച്ചു. ഉമ പുരുഷോത്തമൻ സ്വാഗതവും കുശലകുമാരി നന്ദിയും പറഞ്ഞു.

കുണ്ടംകുഴിയിൽ സബ്രജിസ്ട്രാർ ഓഫീസ് അനുവദിക്കണം

ചെറുവത്തൂർ: ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലും കുറ്റിക്കോൽ പഞ്ചായത്തിലും ഉൾപ്പെട്ട കൊളത്തൂർ, ബേഡഡുക്ക, മുന്നാട്, കുറ്റിക്കോൽ, കരിവേടകം, ബന്തടുക്ക എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ജനങ്ങൾക്ക് രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ഉദുമ സബ്രജിസ്ട്രാർ ഓഫീസിലേക്കുള്ള യാത്ര വളരെയധികം സാമ്പത്തികനഷ്ടവും സമയനഷ്ടവും വരുത്തുന്നതിനാൽ മേൽ സൂചിപ്പിച്ച വില്ലേജുകൾ ഉൾപ്പെടുത്തി കുണ്ടംകുഴി ആസ്ഥാനമായി സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കണമെന്ന് യൂത്ത് കോൺഗ്രസ്-എസ് ജില്ലാ ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ടി. പ്രജോഷ് അധ്യക്ഷത വഹിച്ചു. ടി. വി. വിജയൻ, ബാലചന്ദ്രൻ കുണ്ടംകുഴി, ഇ. ഹരീഷ്, ടി.വി. രാജു, ഇ. നാരായണൻ, എൻ. സുകുമാരൻ എന്നിവർ പ്രസംഗിച്ചു.

പുങ്ങംചാലിലെ കൂട്ടത്തല്ല്: ഒരു കുടുംബത്തിലെ ആറുപേർക്കെതിരേ വധശ്രമത്തിന് കേസ്

വെള്ളരിക്കുണ്ട്: വെസ്റ്റ് എളേരി പുങ്ങംചാലിൽ വഴിതർക്കത്തിന്റെ പേരിൽ നടന്ന കൂട്ടത്തല്ലുമായി ബന്ധപ്പെട്ട് ഒരു കുടുംബത്തിലെ ആറുപേർക്കെതിരേ വെള്ളരിക്കുണ്ട് പോലീസ് വധശ്രമത്തിന് കേസെടുത്തു.

അടിയിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പുങ്ങംചാലിലെ വിജിത്ത്, വിജിത്തിന്റെ അമ്മ ലക്ഷ്മി, അയൽവാസി ജോർജ് എന്നിവരുടെ പരാതിയിൽ പുങ്ങംചാലിലെ മധുസൂദനൻ, മോഹനൻ, സുമേഷ്, സുധീഷ്, കൃഷ്ണവേണി, ശൈലജ എന്നിവർക്കെതിരെ കേസ് എടുത്തിരിക്കുന്നത്.

പ്രതിപട്ടികയിൽ ഉള്ളവരും ആശുപത്രിയിൽ ചികിത്സതേടിയിട്ടുണ്ട്.

ഇവരുടെ പരാതി പ്രകാരവും പോലീസ് അന്വേഷണത്തിനുശേഷം കേസ് എടുക്കും.ശനിയാഴ്ച രാവിലെ 11ഓടെയാണ് വഴിതർക്കത്തിന്റെ പേരിൽ പുങ്ങംചാലിൽ ഇരു കൂട്ടർ തമ്മിൽ കൂട്ട അടി നടന്നത്.

സിവിൽ തർക്കങ്ങളിൽ ഇടപെടാനാകില്ല: മനുഷ്യാവകാശ കമ്മീഷൻ

കാസർഗോഡ്: സിവിൽ തർക്കങ്ങളിൽ ഇടപെടാൻ കഴിയില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ. അതേസമയം ഹൈക്കോടതി വിധിക്കെതിരെ ബാങ്കോ റവന്യൂ ഉദ്യോഗസ്ഥരോ നടപടി സ്വീകരിക്കുകയാണെങ്കിൽ അതിനെതിരെ കോടതിയലക്ഷ്യ ഹർജി സമർപ്പിക്കണമെന്ന് കമ്മീഷൻ ജുഡീഷൽ അംഗം കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. കേരള ബാങ്ക് നീലേശ്വരം ശാഖയിൽ നിന്നെടുത്ത കാർഷിക വായ്പയുമായി ബന്ധപ്പെട്ട് ഹൈക്കോടതി നൽകിയ സ്റ്റേ ഉത്തരവ് ലംഘിച്ചുവെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് നടപടി. ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റാൻ പരാതിക്കാരൻ തയാറായില്ലെന്ന് ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു. എന്നാൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജപ്തി നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് വെള്ളരിക്കുണ്ട് തഹസിൽദാർ കമ്മീഷനെ അറിയിച്ചു. കൊല്ലാംപാറ സ്വദേശി ഗോപാലകൃഷ്ണൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

സിറ്റിംഗ് ഇന്ന്

കാസർഗോഡ്: മനുഷ്യാവകാശ കമ്മീഷൻ ജുഡീഷൽ അംഗം കെ. ബൈജുനാഥ് ഇന്നു രാവിലെ 10.30നു കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിംഗ് നടത്തും.

സംസ്ഥാന സീനിയർ വടംവലി ചാമ്പ്യൻഷിപ്പിൽ ഓവറോൾ ചാമ്പ്യന്മാരായ കാസർഗോഡ് ടീം.

സംസ്ഥാന സീനിയർ വടംവലി

കാസർഗോഡ് ഓവറോൾ ചാമ്പ്യന്മാർ

നീലേശ്വരം: 31-ാമത് സംസ്ഥാന സീനിയർ വടംവലി ചാമ്പ്യൻഷിപ്പിൽ ആതിഥേയരായ കാസർഗോഡ് ഓവറോൾ ചാമ്പ്യന്മാരായി. മിക്സഡ് വിഭാഗത്തിൽ തൃശൂരിനെ പരാജയപ്പെടുത്തിയത്. പുരുഷന്മാരുടെ 640 കിലോ വിഭാഗത്തിൽ കണ്ണൂരിനെ പരാജയപ്പെടുത്തി ഇടുക്കിയും പുരുഷന്മാരുടെ 600 കിലോ വിഭാഗത്തിൽ കാസർഗോഡിനെ പരാജയപ്പെടുത്തി കണ്ണൂരും ചാമ്പ്യന്മാരായി.

ചിറപ്പുറം മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന ചാമ്പ്യൻഷിപ്പിൽ വിജയികൾക്ക് എം. രാജഗോപാലൻ എംഎൽഎ സമ്മാനങ്ങൾ വിതരണം ചെയ്തു. സമ്മാനദാനം ചടങ്ങ് നഗരസഭ ചെയർമാൻ പി. പി. മുഹമ്മദ് റാഫി അധ്യക്ഷത വഹിച്ചു. സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പി. രഘുനാഥ് അധ്യക്ഷത വഹിച്ചു.

ടി.വി. രാജേഷ്, ടി.വി. ശാന്ത, വി.കെ. രാജൻ, ഷാൻ മുഹമ്മദ്, കെ.പി. അരവിന്ദാക്ഷൻ, വി.വി. ശ്രീജ, കെ.വി. ദാമോദരൻ, അനിൽ ബങ്കളം, ടി.വി. കൃഷ്ണൻ, ഒ. വി. രവീന്ദ്രൻ, ജോൺസൺ ജോസഫ്, പ്രവീൺ മാത്യു, ഷിനോ പി. ബാബു, സേതു ബങ്കളം, കെ. രഘു, പി.വി. സതീശൻ, എം. ഗോപിനാഥൻ എന്നിവർ പ്രസംഗിച്ചു.

ഇന്നത്തെ പരിപാടി

- കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഹാൾ. കാർഷിക പ്രദർശന വിപണനമേള സബ്കമ്മിറ്റികളുടെയും ചെയർമാൻമാരുടെയും കൺവീനർമാരുടെയും യോഗം- 3.00
- കാസർഗോഡ് മുനിസിപ്പൽ കോൺഫറൻസ് ഹാൾ. കെ.എം. അഹമ്മദ് അനുസ്മരണം-3.00

അദാലത്ത്: ആദ്യദിനം 216 പരാതികൾ സ്വീകരിച്ചു

കാസർഗോഡ്: പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിലേക്ക് പരാതികൾ സ്വീകരിച്ചു തുടങ്ങി.

ആദ്യ ദിനം 216 പരാതികൾ സ്വീകരിച്ചു. ജില്ലയിൽ 28 മുതൽ ജനുവരി ആറ് വരെയാണ് അദാലത്ത് നടക്കുക. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, വി. അബ്ദുൾ റഹ്മാൻ എന്നിവരുടെ നേതൃത്വം നൽകും. പരാതികൾ 23 വരെ സമർപ്പിക്കാം.

റെൻസ്ഫെഡ് ജില്ലാ സമ്മേളനം ഇ. ചന്ദ്രശേഖരൻ എംഎൽഎ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

ചെങ്കൽ വിലവർധനയിൽ ഇടപെടണം: റെൻസ്ഫെഡ്

കാഞ്ഞങ്ങാട്: ചെങ്കൽ വില അനിയന്ത്രിതമായി വർധിക്കുന്ന സാഹചര്യത്തിൽ ജില്ലാ ഭരണകൂടം അടിയന്തരമായി ഇടപെടണമെന്ന് റെൻസ്ഫെഡ് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. രാജ് റെസിഡൻസിയിൽ നടന്ന പരിപാടി ഇ. ചന്ദ്രശേഖരൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പവിത്രൻ ഞാണിക്കടവ് അധ്യക്ഷത വഹിച്ചു.

തദ്ദേശസ്വയവരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ജി. സുധാകരൻ മുഖ്യാതിഥിയായി. സംസ്ഥാന പ്രസിഡന്റ് എസ്. ശ്രീകാന്ത് ബാബു മുഖ്യപ്രഭാഷണം നടത്തി. പി.വി. അനീസ്, മധു എസ്. നായർ, മുജീബ് റഹ്മാൻ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ: പവിത്രൻ ഞാണിക്കടവ് (പ്രസിഡന്റ്), പി.എം. നൗഫൽ, ജിമ്മി ജോസ് (വൈസ് പ്രസിഡന്റുമാർ), പ്രദീപ് ചെർക്കള (സെക്രട്ടറി), പി. ശാലിനി, എം.എ. സാദത്ത് (ജോയിന്റ് സെക്രട്ടറിമാർ), എ.സന്തോഷ് (ട്രഷറർ).

പവിത്രൻ ഞാണിക്കടവ് (പ്രസിഡന്റ്), പ്രദീപ് ചെർക്കള (സെക്രട്ടറി)

മൂന്നാറിലേക്ക് ഉല്ലാസയാത്രയുമായി കെഎസ്ആർടിസി

കാസർഗോഡ്: ബഡ്ജറ്റ് ടൂറിസവുമായി ബന്ധപ്പെട്ട് കെഎസ്ആർടിസി കാർഗോഡ് യൂണിറ്റിൽ നിന്നും 20 നു മൂന്നാറിലേക്ക് ഉല്ലാസയാത്ര നടത്തുന്നു. ഇടുക്കി ജില്ലയിലെ ഫോട്ടോ പോയിന്റ്, ടോപ് സ്റ്റേഷൻ, കുണ്ടല ഡാം, ഇക്കോ പോയിന്റ്, മാട്ടുപെട്ടി ഡാം, ബൊട്ടാണിക്കൽ ഗാർഡൻ, ഫ്ലവർ ഗാർഡൻ, രണ്ടാം ദിവസം ഇരവികുളം നാഷണൽ പാർക്ക്, മറയൂർ ശർക്കര ഫാക്ടറി, മുനിയറക്കൽ, സാന്റൽ വുഡ് ഫോറസ്റ്റ് എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് ട്രിപ്പ് പ്ലാൻ ചെയ്തിരിക്കുന്നത്. ഫോൺ: 8848678173, 9446862282.

എളേരി ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നല്ലോംപുഴ വൈദ്യുതി സെക്ഷൻ ഓഫീസിനു മുന്നിൽ നടത്തിയ ധർണ ഡിസിസി വൈസ് പ്രസിഡന്റ് പി.ജി. ദേവ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

വൈദ്യുതി ചാർജ് വർധനയ്ക്കെതിരേ കോൺഗ്രസ് പ്രതിഷേധം

ചിറ്റാരിക്കാൽ: പിണറായി സർക്കാരിന്റെ അന്യായമായ വൈദ്യുതി ചാർജ് വർധനയ്ക്കെതിരേ എളേരി ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നല്ലോംപുഴ വൈദ്യുതി സെക്ഷൻ ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തി. ഡിസിസി വൈസ് പ്രസിഡന്റ് പി.ജി. ദേവ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രസിഡന്റ് ജോയി ജോസഫ് അധ്യക്ഷത വഹിച്ചു. ഡിസിസി സെക്രട്ടറി ടോമി പ്ലാച്ചേരി, ഐഎൻടിയുസി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ടി.വി. കുഞ്ഞിരാമൻ, ഫിലോമിന ജോണി, തോമസ് മാത്യു, ജോർജുകുട്ടി കരിമഠം, ജോസ് കുത്തിയതോട്ടിൽ, സെബാസ്റ്റ്യൻ പൂവത്താനി, ജോയി മാരൂർ, ടി.എ. ശ്രീവത്സൻ, മാത്യു സെബാസ്റ്റ്യൻ, പ്രശാന്ത് പാറേക്കുടി, ജയരാമൻ ചീമേനി, സി.എ. ബാബു, കെ.സി. കുഞ്ഞികൃഷ്ണൻ, സൈമൺ പള്ളത്തുകുഴി, ഗോപാലകൃഷ്ണൻ തയ്യേനി, സി. ബാബു, സോജൻ കുന്നേൽ, ജോണി പള്ളത്തുകുഴി, ഡൊമിനിക് കോയിത്തുരുത്തേൽ, സന്തോഷ് ചൈതന്യ, ബെന്നി ഇലവുങ്കൽ, കെ.വി. നാരായണൻ, ശാന്താകുമാരി, സൂസമ്മ ജയിംസ്, ജോസുകുട്ടി നടുവിലേക്കുറ്റ്, എം.സി. മാധവൻ, എ.വി. ഭാസ്കരൻ, എൽ.കെ. സമീർ എന്നിവർ പ്രസംഗിച്ചു.

രാജപുരം: ബളാൽ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജപുരം വൈദ്യുതി ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് കെപിസിസി സെക്രട്ടറി എം. അസിനാർ ഉദ്ഘാടനം ചെയ്തു. മധുസൂദനൻ ബാലൂർ അധ്യക്ഷത വഹിച്ചു. രാജു കട്ടക്കയം, ബി.പി. പ്രദീപ് കുമാർ, ടി.കെ. നാരായണൻ, എം.എം. സൈമൺ, കെ.ജെ. ജയിംസ്, ബാലകൃഷ്ണൻ മാണിയൂർ, വി. ബാലകൃഷ്ണൻ, എം.പി. ജോസ് എന്നിവർ പ്രസംഗിച്ചു.വി.കെ ബാലകൃഷ്ണൻ സ്വാഗതവും എൻ. മധു റാണിപുരം നന്ദിയും പറഞ്ഞു.

കാസർഗോഡ്: ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാനഗർ വൈദ്യുതി ഭവനിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് ഡിസിസി പ്രസിഡന്റ് പി.കെ. ഫൈസൽ ഉദ്ഘാടനം ചെയ്തു. എം. രാജീവൻ നമ്പ്യാർ അധ്യക്ഷത വഹിച്ചു. സി.വി. ജയിംസ്, ആർ. ഗംഗാധരൻ, കെ. ഖാലിദ്, മനാഫ് നുള്ളിപ്പാടി, ശാന്തകുമാരി, ജമീല അഹമ്മദ്, ജി. നാരായണൻ, ഷാജിദ് കമ്മാടം, ഖാൻ പൈക്ക, കമലാക്ഷ സുവർണ, സി.ജി. ടോണി, സന്തോഷ് ക്രാസ്ത, ബി. ശശികല, റഫീഖ് അബ്ദുല്ല, ശ്രീധരൻ ആചാരി എന്നിവർ പ്രസംഗിച്ചു.

കാഞ്ഞങ്ങാട്: ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് സേവാദൾ സംസ്ഥാന ചെയർമാൻ രമേശൻ കരുവാച്ചേരി ഉദ്ഘാടനം ചെയ്തു. ഉമേശൻ വേളൂർ അധ്യക്ഷത വഹിച്ചു.

കെ.പി. ബാലകൃഷ്ണൻ, മനോജ് തോമസ്, നാരായണൻ മുണ്ടോട്ട്, കെ.പി. മോഹനൻ, അശോക് ഹെഗ്ഡെ, കെ.കെ. ബാബു, പി.വി. തമ്പാൻ, സതീശൻ പരക്കാട്ടിൽ, രവീന്ദ്രൻ ചേടിറോഡ്, ബാബു പാടിയിൽ, ഒ. ഭാസ്കരൻ, രവീന്ദ്രൻ കടപ്പുറം, പുരുഷോത്തമൻ നെല്ലിക്കാട്ട്, രാജൻ തെക്കേക്കര, വിനോദ് ആവിക്കര, ബിജു കൃഷ്ണ, പ്രവീൺ തോയമ്മൽ, ഷിബിൻ ഉപ്പിലിക്കൈ, എച്ച്.ആർ. വിനീത്, സി. ശ്യാമള, എ.വി. കമ്മാടത്തു, ടി.വി. ശ്യാമള, വിമല അജനൂർ, ചന്ദ്രശേഖരൻ മേനിക്കോട്ട്, ബാലകൃഷ്ണൻ വെള്ളിക്കത്ത് എന്നിർ പ്രസംഗിച്ചു. അനിൽ വാഴുന്നൊറോടി സ്വാഗതവും എം. കുഞ്ഞികൃഷ്ണൻ നന്ദിയും പറഞ്ഞു.

രാജപുരം വൈദ്യുതി ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് കെപിസിസി സെക്രട്ടറി എം. അസിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

വീട് കുത്തിത്തുറന്ന് ഏഴരപവൻ കവർന്നു

ഉപ്പള: വീടിന്റെ പൂട്ടുതകർത്ത് ഏഴരപവൻ സ്വർണാഭരണങ്ങൾ കവർന്നു. ബേക്കൂർ ശാന്തിഗിരിയിലെ സമീറിന്റെ വീടാണ് കൊള്ളയടിച്ചത്. പ്രവാസിയായ സമീർ ഒന്നരമാസം മുമ്പാണ് നാട്ടിലെത്തിയത്. സമീറും കുടുംബാംഗങ്ങളും അയൽവക്കത്തെ രണ്ടു വീട്ടുകാർക്കൊപ്പം വെള്ളിയാഴ്ച വിനോദയാത്ര പോയതായിരുന്നു. ഇന്നലെ രാവിലെ തിരിച്ചെത്തിയപ്പോഴാണ് കവർച്ച നടന്ന വിവരമറിയുന്നത്. മഞ്ചേശ്വരം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

ക്രിസ്മസ് അവധിക്കാലത്ത് കൂടുതൽ ട്രെയിനുകളും കോച്ചുകളും വേണം: എംപി

കാസർഗോഡ്: ക്രിസ്മസ്-പുതുവത്സര അവധിക്ക് നാട്ടിലെത്തുന്നതായി കൂടുതൽ ട്രെയിനുകളും കോച്ചുകളും അനുവദിക്കണമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എംപി ആവശ്യപ്പെട്ടു. ഡിസംബർ ആദ്യവാരം മുതൽ തന്നെ ബംഗളൂരു, ന്യൂഡൽഹി, തിരുവനന്തപുരം, മംഗളൂരു, ചെന്നൈ എന്നിവിടങ്ങളിൽ നിന്നുള്ള ട്രെയിനുകളിൽ യാത്രക്കാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ട്രെയിനുകളുടെ വെയിറ്റിംഗ് ലിസ്റ്റ് 150ന് മുകളിലാണ്.

പ്രത്യേക ട്രെയിനുകൾ അനുവദിക്കുകയും നിലവിലെ ട്രെയിനുകളിൽ അധികം കോച്ചുകൾ ഏർപ്പാടാക്കുകയും ചെയ്യുക മാത്രമാണ് ഇതിനു പോംവഴി. മാത്രമല്ല ജനശതാബ്ദി, വന്ദേഭാരത്, ചെന്നൈ മെയിൽ, മാവേലി, മലബാർ, മംഗലാപുരം എക്സ്പ്രസ് തുടങ്ങിയ സംസ്ഥാനത്തു ഓടുന്ന ട്രെയിനുകളിലും സ്ഥിതി വിഭിന്നമല്ല. കൂടാതെ ശബരിമല സീസണിലെ തിരക്കുമുണ്ട്.

ഈ വക കാര്യങ്ങൾ കാണിച്ചു കൊണ്ട് സാധാരണക്കാരെ നേരിട്ട് ബാധിക്കുന്ന ഏറ്റവും സുപ്രധാനമായ ഇത്തരം ആവശ്യങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകുകയും വടക്കൻ കേരളത്തിൽ പ്രത്യേകം ട്രെയിനുകളും നിലവിലുള്ള ട്രെയിനുകളിൽ അധിക കോച്ചുകളും ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നു ആവശ്യപ്പെട്ടു കൊണ്ട് ദക്ഷിണ റെയിൽവേ അധികാരികളുമായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി എംപി അറിയിച്ചു.

അനുകൂലമായ നടപടികൾക്കു വേണ്ടി ഡൽഹിയിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും ആവശ്യമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ഉടൻ ഇതിനാവശ്യമായ നടപടികൾ പ്രതീക്ഷിക്കുകയാണെന്നും എംപി കൂട്ടിച്ചേർത്തു.

കേന്ദ്രസർവകലാശാലയിൽ റൂറൽ അഗ്രിടെക് ഹാക്കത്തോൺ നടത്തി

പെരിയ: കാർഷിക, ഗ്രാമീണ മേഖലകളിലെ വികസന വെല്ലുവിളികൾ നേരിടുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി കേരള കേന്ദ്ര സർവകലാശാലയിൽ റൂറൽ അഗ്രിടെക് ഹാക്കത്തോൺ സംഘടിപ്പിച്ചു. കംപ്യൂട്ടർ സയൻസ് വിഭാഗം, ഇന്നവേഷൻ ആൻഡ് എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ, ഇൻസ്റ്റിറ്റ്യൂഷൻ ഇന്നവേഷൻ കൗൺസിൽ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച 30 മണിക്കൂർ ഹാക്കത്തോണിൽ കോഴിക്കോട് നിന്നുള്ള സ്റ്റാർട്ടപ്പ് കമ്